# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂണ്‍ 15, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍- 30)

<u>മറുപടി നല്‍കുന്ന മന്ത്രിമാര്‍</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

<u>കാര്യക്ഷമമായ പഞ്ചായത്ത് ഭരണം</u>

*121 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, മോന്‍സ് ജോസഫ്
,, റ്റി.യു. കുരുവിള
,, സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തുകളുടെ വര്‍ദ്ധിച്ചുവരുന്ന ജോലിഭാരം കണക്കിലെടുത്ത് ത്രിതല പഞ്ചായത്തുകളിലെ ഭരണം കൂടുതല്‍ കാര്യക്ഷമമാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പഞ്ചായത്തില്‍ ഫണ്ടുകള്‍ വിനിയോഗിക്കുന്നതിന് കൃത്യതയുള്ളതും, സുതാര്യവുമായ നടപടികള്‍ സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകളുടെ പ്രവര്‍ത്തനക്ഷമത വര്‍ദ്ധിപ്പിക്കുന്നതിനാവശ്യമായ ഓഫീസ് സംവിധാനം ഏര്‍പ്പെടുത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 15.06.2012-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് അവലോകനം

*122 ശ്രീ. ബി. സത്യന്‍
,, എം. എ. ബേബി
,, എ. പ്രദീപ്കുമാര്‍
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-12 -ല്‍ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം നല്‍കാമോ ;

(ബി) സാമ്പത്തികവര്‍ഷം അവസാനിക്കാറായപ്പോഴും പദ്ധതി ച്ചെലവ് എങ്ങുമെത്താത്തതിനെത്തുടര്‍ന്ന് പദ്ധതി തുക വിനിയോഗ
കാലാവധി മൂന്നുമാസത്തേക്ക് കൂടി നീട്ടണമെന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ആവശ്യമുയര്‍ന്നിരുന്നോ ;

(സി) ഈ ആവശ്യം സംബന്ധിച്ച് എന്ത് തീരുമാനം കൈക്കൊണ്ടു ; അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി വിനിയോഗത്തില്‍ കുറവ് വരുത്തിയ തദ്ദേശസ്വയംഭരണസ്ഥപാനങ്ങള്‍ക്ക് അടുത്ത സാമ്പത്തികവര്‍ഷത്തില്‍ വിഹിതം കുറയ്ക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മലയോര വികസന അതോറിറ്റി</u>

*123 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 ബജറ്റിൽ (പുതുക്കിയത്) പ്രഖ്യാപിക്കപ്പെട്ട മലയോര വികസന അതോറിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം താലൂക്കുകളെയാണ് ഈ അതോറിറ്റിയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) മലയോര പ്രദേശങ്ങളുടെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാനുകൾ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) അതോറിറ്റിക്കായി 2011-12 ബജറ്റിൽ എത്ര തുകയാണ് നീക്കിവയ്ക്കപ്പെട്ടത്; അതിൽ എത്ര തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

ബി.പി.എൽ പട്ടിക

*124 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതുവർഷം പ്രസിദ്ധീകരിക്കപ്പെട്ട ബി.പി.എൽ പട്ടികയാണ് നിലവിലുളളത് ;

(ബി) ഈ ലിസ്റ്റ് തയ്യാറാക്കുന്നതിനുളള സർവ്വേ നടത്തിയത് ഏതു വർഷമാണ് ;

(സി) ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ അപേക്ഷകളും പട്ടികയിന്മേലുളള പരാതികളും പരിശോധിക്കുന്നതിനുളള നടപടികൾ ആരംഭിച്ചുവോ ; പരിശോധനാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം</u>

*125 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇതിന്റെ പ്രവർത്തനം ഏറ്റവും ഫലപ്രദമായി നടക്കുന്ന ജില്ല ഏതാണ് ;

(ബി) പ്രസ്തുത സ്ഥാപനത്തിനു കീഴിൽ എത്ര രജിസ്റ്റേർഡ് കൃഷിക്കാരും സ്വയം സഹായസംഘങ്ങളും ഉണ്ടെന്നും പഴം, പച്ചക്കറി ഉല്പാദനകാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഇവർക്ക് എത്രത്തോളം മുന്നേറ്റം ഉണ്ടായിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി കാർഷിക ഉല്പന്നങ്ങൾ എന്നിവ വിറ്റഴിയ്ക്കുന്നതിനും കേടുകൂടാതെ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ക്ഷീരോല്പാദന കേന്ദ്രങ്ങൾക്ക് ധനകാര്യ സ്ഥാപനം</u>

*126 ശ്രീ. വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ഇതിനായി ഒരു പുതിയ ധനകാര്യ സ്ഥാപനം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് ഇതിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

*127 ശ്രീ. എസ്. ശർമ്മ
,, എളമരം കരീം
,, പി. ശ്രീരാമകൃഷ്ണൻ
,, എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണം സംബന്ധിച്ച് ശുചിത്വമിഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ മന്ത്രിതലത്തിൽ എത്ര യോഗങ്ങൾ നടത്തുകയുണ്ടായി; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) വേനൽമഴ ആരംഭിക്കുന്നതിനു മുൻപായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>തന്റേടം ജൻഡർ പാർക്ക് പദ്ധതി</u>

*128 ശ്രീ. എ. റ്റി. ജോർജ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി. ഡി. സതീശൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തന്റേടം ജൻഡർ പാർക്ക് പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ, വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(ഡി) പദ്ധതിക്ക് വേണ്ടത്ര പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>കര്‍ഷക ആത്മഹത്യ</u>

*129 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, വി. ചെന്താമരാക്ഷന്‍
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷക ആത്മഹത്യയ്ക്ക് പരിഹാര നടപടികളുടെ പ്രഖ്യാപനമുണ്ടായിട്ടും ആത്മഹത്യകള്‍ തുടരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) 2012 മാര്‍ച്ച് 21 ന് ശേഷമുള്ള കാലയളവില്‍ എത്ര കര്‍ഷകര്‍ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ;

(സി) സര്‍ക്കാര്‍ പ്രഖ്യാപിച്ച പരിഹാര നടപടികളെ സംബന്ധിച്ച് വിലയിരുത്തല്‍ നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കാമോ;

(ഡി) പരിഹാര നടപടികളിലെ പോരായ്മകള്‍ എന്തെങ്കിലും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ സര്‍ക്കാര്‍ നടത്തിയ ഇടപെടലുകളിലൂടെ ഇല്ലാതാക്കിയ കര്‍ഷക ആത്മഹത്യ സംസ്ഥാനത്ത് ഇപ്പോഴും ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്താന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യസംസ്കരണത്തിനായി ഫ്ളാറ്റുകൾക്ക് സഹായം</u>

*130 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണത്തിനായി നഗരങ്ങളിലെ ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) ഫ്ളാറ്റുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) ധനസഹായം നൽകാനുദ്ദേശിക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് അനുവദിക്കുന്ന പ്ലാന്റുകളുടെ എണ്ണം എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

*131 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്;

(ബി) ഇതിനുളള വൻകിട പ്ലാന്റുകൾ എവിടെയൊക്കെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(സി) പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാത്തവിധം പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ഇടുക്കി, കുട്ടനാട് പാക്കേജുകളുടെ പ്രവർത്തനം</u>

*132 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, കുട്ടനാട് പാക്കേജുകളുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാക്കേജുകളിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന എത്ര പ്രോജക്ടുകൾക്ക് നാളിതുവരെ കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചുവെന്നും എത്ര തുക അനുവദിച്ചു;

(സി) ഈ മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകുന്ന പ്രസ്തുത പാക്കേജുകൾ താമസംവിനാ പൂർണ്ണ അർത്ഥത്തിൽ യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകളുടെ ക്ഷേമത്തിന് പദ്ധതി</u>

*133 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എന്‍. എ. നെല്ലിക്കുന്ന്
,, സി. മോയിന്‍കുട്ടി
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തില്‍ ന്യൂനപക്ഷ വിഭാഗത്തിലെ വനിതകളുടെ ക്ഷേമത്തിനായി നടപ്പാക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതികള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിലെ വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ മാതൃകയില്‍ സ്വയംസഹായ സംഘങ്ങള്‍ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വനിതകള്‍ക്ക് സൗജന്യ തൊഴില്‍ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) പുനര്‍ വിവാഹം കഴിക്കാത്ത, മൊഴി ചൊല്ലപ്പെട്ട പാവപ്പെട്ട ന്യൂനപക്ഷ വിഭാഗത്തില്‍പ്പെട്ട വനിതകളുടെ പുനരധിവാസത്തിനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ പഠന റിപ്പോർട്ട്</u>

*134 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ഉപയോഗത്തെക്കുറിച്ചും എൻഡോസൾഫാൻ ഇരകളെക്കുറിച്ചും സംസ്ഥാനത്ത് ഏതെല്ലാം രീതിയിലുളള എത്ര പഠനങ്ങൾ നടന്നിട്ടുണ്ട്; ഈ പഠന റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എൻഡോസൾഫാൻ ഉപയോഗത്തെക്കുറിച്ചുളള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>കാർഷികമേഖലയിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ</u>

*135 ശ്രീ. എൻ. ഷംസുദ്ദീൻ
,, പി.കെ. ബഷീർ
,, പി. ഉബൈദുള്ള
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് അനുവദിച്ച തുകയും സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്താൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളും വിശദമാക്കുമോ;

(ബി) മുൻവർഷം കാർഷിക മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിച്ചു എന്നും എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്നും വിശദമാക്കുമോ;

(സി) നടപ്പുവർഷം ഏതൊക്കെ കൃഷിക്കാണ് പ്രാമുഖ്യം നല്കിയിട്ടുളളത്; അതിനായി പദ്ധതികൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ; അവയുടെ വിശദവിവരം നല്കാമോ;

(ഡി) ചെറുകിട കർഷകരുടെ കൃഷി ഭൂമികളിൽ വ്യത്യസ്ത കാർഷിക വിഭവങ്ങളുടെ പരാമവധി ഉല്പാദനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നല്കാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

ബഹുനില കെട്ടിട നിർമ്മാണം - പുതിയ മാർഗ്ഗരേഖകൾ

*136 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ബഹുനില കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുതിയ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ;

(സി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളെ തുടർന്ന് അതുമായി ബന്ധപ്പെട്ട് ആക്ഷേപം ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്തെ വൻകിട കെട്ടിട നിർമ്മാതാക്കൾ പരാതി നൽകിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും ഉറപ്പ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മേല്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് അനധികൃതമായി ബഹുനില കെട്ടിട നിർമ്മാണം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് മാലിന്യ സംസ്കരണം</u>

*137 ശ്രീ. ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് മാലിന്യം സംസ്ക്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ ഇതിനായി എന്തെല്ലാം സഹായങ്ങളാണ് പഞ്ചായത്തുകൾക്ക് നൽകാനുദ്ദേശിക്കുന്നത്

(സി) ഇതു നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>കാലിത്തീറ്റ ലഭ്യത</u>

*138 ശ്രീ. സി. കൃഷ്ണന്‍
,, കെ. രാധാകൃഷ്ണന്‍
,, റ്റി.വി. രാജേഷ്
,, കെ. കുഞ്ഞിരാമന്‍(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലിത്തീറ്റയുടെ വരവ് കുറഞ്ഞതോടെ ക്ഷീരകര്‍ഷകര്‍ പ്രതിസന്ധി നേരിടുകയാണെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുവാന്‍ സര്‍ക്കാര്‍ തലത്തില്‍ എന്ത് ചെയ്യാന്‍ കഴിയുമെന്ന് വിശദമാക്കാമോ;

(സി) കന്നുകുട്ടി പരിപാലനം, പശുവളര്‍ത്തല്‍ തുടങ്ങിയ മേഖലകളില്‍ പ്രവര്‍ത്തിക്കുന്നവര്‍ക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുവാന്‍ തദ്ദേശസ്വയംഭരണസ്ഥാപനങ്ങള്‍ക്ക് കഴിയുന്നുണ്ടോ;

(ഡി) ക്ഷീര കര്‍ഷകരെ ഈ പ്രതിസന്ധിയില്‍ നിന്നും രക്ഷപ്പെടുത്താന്‍ എന്തൊക്കെ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണം</u>

*139 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, പി.ബി. അബ്ദുൾ റസാക്ക്
,, കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യം സംസ്കരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനും സർക്കാർ തലത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) മാലിന്യസംസ്ക്കരണ കാര്യത്തിൽ മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പങ്ക് എന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത ആവശ്യത്തിനായി മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷം ഓരോ സ്ഥാപനത്തിനും നൽകിയ തുകയുടെ വിശദവിവരം നൽകാമോ;

(സി) മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കാര്യത്തിൽ മുൻസിപ്പാലിറ്റികളും, നഗരസഭകളും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ശുചിത്വ മിഷന്റെ പങ്കെന്താണ്; ശുചിത്വ മിഷൻ ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

നഗരവികസനത്തിന് മാസ്റ്റർപ്ലാൻ

*140 ശ്രീ. റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ;

(ബി) കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും വികസന പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>ശിശുക്ഷേമപ്രവർത്തനങ്ങളുടെ ഏകോപനം</u>

*141 ശ്രീ. സി. മമ്മൂട്ടി
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ശാരീരിക മാനസിക വികാസം, അവരുടെ അവകാശ സംരക്ഷണം തുടങ്ങിയ ശിശുക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിവിധ വകുപ്പുകൾ ഏകോപനമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ട് ഈ രംഗത്ത് ഉദ്ദേശിച്ച ഫലമുണ്ടാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഡി) സ്ഥിരം മദ്യപാനികളായ കുടുംബനാഥന്മാരുടെ കുടുംബങ്ങളിലെ കുട്ടികൾ നേരിടേണ്ടിവരുന്ന ശാരീരിക, മാനസിക പീഡനങ്ങൾ സംബന്ധിച്ച പ്രശ്നം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ അത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ഗ്രാമസഭകളുടെ പ്രവര്‍ത്തനം</u>

*142 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എം. പി. വിന്‍സെന്റ്
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമസഭകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) നിയമപരമായി ചേരേണ്ട ഗ്രാമസഭകളുടെ എണ്ണത്തില്‍ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്;

(സി) അടിയന്തിര സാഹചര്യത്തിലും പ്രത്യേക വിഷയങ്ങള്‍ക്കായും വിശേഷാല്‍ ഗ്രാമസഭകള്‍ ചേരുന്നതിനുളള നടപടിക്രമങ്ങളെ ക്കുറിച്ച് ആലോചിക്കുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>വെളിച്ചെണ്ണയുടെ വിലയിടിവ്</u>

*143 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ചന്ദ്രൻ
,, ബി.ഡി ദേവസ്സി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ വെളിച്ചെണ്ണയുടെ വിലയിടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ബഡ്ജറ്റിൽ മറ്റു ഭക്ഷ്യ എണ്ണകളുടെ നികുതി നാല് ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറച്ചതു മൂലം അവയുടെ വിലയിലുണ്ടായ മാറ്റം വെളിച്ചെണ്ണ വിലയെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിലയിടിവ് തടയുന്നതിനായി സംസ്ഥാനത്തെ തുറമുഖങ്ങളിലൂടെയുള്ള പാമോയിൽ ഇറക്കുമതി നിരോധിക്കാൻ ശ്രമം നടത്തുമോ;

(ഡി) കേര കർഷകരുടെ സംരക്ഷണം ഉറപ്പാക്കുന്ന തരത്തിൽ വെളിച്ചെണ്ണയ്ക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന</u>

*144 ശ്രീ. എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, വി.ഡി. സതീശൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നവീകരണ ജോലികൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് റോഡ് പണി ത്വരിതപ്പെടുത്തുന്നതിനും പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) പദ്ധതിയുടെ മാനദണ്ഡങ്ങൾ അടുത്ത കാലത്ത് പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെൻഷനുകൾ</u>

*145 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും, വിപുലീകരിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം പെൻഷനുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്, വിശദാംശങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം വിഭാഗത്തിനാണ് പുതുതായി പ്രതിമാസധന സഹായം ഏർപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 15.06.2012-ലെ മറുപടിക്ക്

<u>അനാഥരുടെ പുനരധിവാസം</u>

*146 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റപ്പെട്ടുകഴിയുന്ന വൃദ്ധർ, മനോനില തെറ്റിയവർ, സ്ത്രീകൾ, കുട്ടികൾ, തെരുവിൽ അലയുന്നവർ, നടക്കാനാകാത്ത വിധം ശരീരം തളർന്നവർ എന്നിവരെ സംബന്ധിച്ച വിവരശേഖരണം ഏതെങ്കിലും ഏജൻസി മുഖേന നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ സംരക്ഷണം, ശുശ്രൂഷ, പുനരധിവാസം എന്നിവ സംബന്ധിച്ച് നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(സി) ഇവരെ സംബന്ധിച്ച വാർഡുതല വിവരങ്ങൾ ശേഖരിക്കാതെ അവർക്കുവേണ്ടി ആസൂത്രണം ചെയ്തുനടപ്പാക്കുന്ന പദ്ധതികൾ ഉദ്ദേശിക്കുന്ന ഫലം നൽകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) ഈ വിഭാഗത്തിൽപ്പെടുന്നവരുടെ സമ്പൂർണ്ണ വിവരങ്ങൾ വാർഡുതലത്തിൽ ശേഖരിച്ച്, അതിനനുസൃതമായി പദ്ധതികൾ ആസൂതണം ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി</u>

*147 ശ്രീ. സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കർഷകർക്കായി നിലവിലുള്ള ഏതെങ്കിലും പദ്ധതികളെ പുതിയ ഇൻഷ്വറൻസ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പുതിയ പദ്ധതിയിൽ കർഷകരുടേയും സർക്കാരിന്റേയും വിഹിതം എത്രവീതമാണ്;

(ഡി) പദ്ധതി പ്രഖ്യാപിച്ച തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നടപ്പാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>മൊബൈൽ ഇൻസിനറേറ്റർ</u>

*148 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നഗരങ്ങൾക്കായി മൊബൈൽ ഇൻസിനറേറ്റർ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>നിര്‍ഭയ പദ്ധതി</u>

*149 ശ്രീ. സണ്ണി ജോസഫ്
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍ഭയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(ബി) ഇതിന്റെ നടത്തിപ്പിനായി പ്രത്യേക കോടതിയും അതിവേഗ കോടതികളും തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) എല്ലാ ജില്ലകളിലും ഷെല്‍ട്ടര്‍ ഹോമുകള്‍ തുടങ്ങുന്ന കാര്യം ആലോചിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാതല കമ്മിറ്റികള്‍ രൂപീകരിക്കുമോ;

(ഇ) ഈ പദ്ധതിക്കുള്ള കോര്‍പ്പസ്സ് ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012-ലെ മറുപടിക്ക്

<u>ക്ഷീരമേഖലയിൽ സ്വയംതൊഴിൽ പദ്ധതി</u>

*150 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്;

(ബി) ആയതിന് തയ്യാറാകുന്ന സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) സംരംഭകർക്ക് തീവ്ര പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 6.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്